HoD-LoBC

2758
9/06

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കൊല്ലം കോർപ്പറേഷൻ - കുടിവെള്ള പദ്ധതി - വടക്കേവിള വില്ലേജിലെ സർവ്വേ നമ്പർ 436, 437 എന്നിവയിൽപ്പെട്ട 7.20 ഏക്കർ സ്ഥലം ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഉൾപ്പെടുത്തി അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (കയ്യെഴുത്ത്) 154/2008/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ജൂൺ 03, 2008.

പരാമർശം: 1. കൊല്ലം കോർപ്പറേഷന്റെ 25-03-2008-ലെ 29-ാം നമ്പർ കൗൺസിൽ പ്രമേയം.

2. കൊല്ലം കോർപ്പറേഷൻ സെക്രട്ടറി 28-03-2008-ൽ കെ.എസ്സ്.യു.ഡി.പി. പ്രോജക്ട് ഡയറക്ടർക്ക് അയച്ച KSUDP/PIU-KLM/WS-2/08/CIG നമ്പർ കത്ത്.

3. കെ.എസ്സ്.യു.ഡി.പി. പ്രോജക്ട് ഡയറക്ടറുടെ 31-03-2008-ലെ 139/2006/ KSUDP -V നമ്പർ കത്ത്.

ഉത്തരവ്

തെന്മല ഡാമിൽ നിന്നും വെള്ളം കൊണ്ടുവന്ന് സംഭരിച്ച് നടപ്പിലാക്കുന്ന കൊല്ലം കുടിവെള്ള പദ്ധതിയ്ക്കായുള്ള ജലസംഭരണിയും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കുന്നതിനായി കൊല്ലം ജില്ലയിലെ വടക്കേവിള വില്ലേജിൽ ബ്ലോക്ക് 24, സർവ്വേ നമ്പർ 436, 437 എന്നിവയിൽപ്പെട്ട 7.20 ഏക്കർ സ്ഥലം ഫാസ്റ്റ് ട്രാക്കിൽപ്പെടുത്തി ഏറ്റെടുക്കുന്നതിന് കൊല്ലം കോർപ്പറേഷൻ പരാമർശം 1 പ്രകാരം തീരുമാനിച്ചു. 2041-ലെ വർദ്ധിച്ച ജനസംഖ്യയുടെ ആവശ്യം മുന്നിൽ കണ്ടുകൊണ്ടുള്ള പുതിയ കുടിവെള്ള വിതരണ പദ്ധതിയുടെ നിർമ്മാണം, ഇപ്പോഴത്തെ കുടിവെള്ള വിതരണ പദ്ധതിയുടെ ക്ഷമത വർദ്ധിപ്പിക്കൽ എന്നീ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനാണ് മേൽ പദ്ധതിയെന്നും അതിനാവശ്യമായ നടപടികൾ ഫാസ്റ്റ് ട്രാക്കിൽ നടപ്പിലാക്കണമെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചു. കോർപ്പറേഷന്റെ പരാമർശം 1-ലെ തീരുമാന പ്രകാരം കേരള വാട്ടർ അതോറിറ്റി, കൊല്ലം കോർപ്പറേഷൻ, കെ.എസ്സ്.യു.ഡി.പി.എന്നിവർ സംയുക്തമായാണ് പ്രസ്തുത സ്ഥലം കണ്ടെത്തിയിട്ടുള്ളതെന്നും കെ.എസ്സ്.യു.ഡി.പി. പദ്ധതിയിൽ ലാന്റ് അക്വിസിഷനാവശ്യമായ ചെലവ് മുഴുവനും കോർപ്പറേഷൻ വഹിക്കേണ്ടതാണെന്നും കെ.എസ്സ്.യു.ഡി.പി. പ്രോജക്ട് ഡയറക്ടർ പരാമർശം 3 പ്രകാരം അറിയിച്ചിട്ടുണ്ട്.

(മറുപുറം)

നിർദ്ദിഷ്ട സ്ഥലം ജലസംഭരണിയും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കേരള വാട്ടർ അതോറിറ്റിയും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം കോർപ്പറേഷന്റെ പരാമർശം 1-ലെ കൗൺസിൽ തീരുമാനത്തിന്റേയും കോർപ്പറേഷൻ സെക്രട്ടറി, കെ.എസ്സ്.യു.ഡി.പി. പ്രോജക്ട് ഡയറക്ടർ എന്നിവരുടെ യഥാക്രമം പരാമർശം (2), (3)ലെ ശുപാർശകളുടേയും അടിസ്ഥാനത്തിൽ സുസ്ഥിര നഗരവികസന പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം താലൂക്കിൽ വടക്കേവിള വില്ലേജിൽ ബ്ലോക്ക് 24-ൽ സർവ്വേ നമ്പർ 436, 437-ൽപ്പെട്ട 7.20 ഏക്കർ സ്ഥലം കൊല്ലം കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലുൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് കൊല്ലം കോർപ്പറേഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എസ്സ്.എം.വിജയാന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.

To

പ്രോജക്ട് ഡയറക്ടർ, കെ.എസ്സ്.യു.ഡി.പി, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.

സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ, കൊല്ലം.

ജില്ലാ കളക്ടർ, കൊല്ലം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.(വെബ്സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

പൊതുഭരണ (എസ്സ്.സി)വകുപ്പ്

റവന്യൂ (FTP) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.